കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഴുപുന്ന ഗ്രാമപഞ്ചായത്ത് - ആംബുലൻസ് വാങ്ങി പി.എച്ച്.സി. ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.2993/13/തസ്വഭവ                    തിരുവനന്തപുരം, തീയതി: 04.12.2013.

---

പരാമർശം: 1. എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2013-ലെ സി.4-522/12 നമ്പർ കത്ത്.
2. എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2013-ലെ സി.2-250/13 നമ്പർ കത്ത്.
3. 20.11.2013-ലെ 3.18-)ാ നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

എഴുപുന്ന ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നതിനായി 2013-14 വാർഷിക പദ്ധതിയിൽപ്പെടുത്തി 9,25,000/-(ഒൻപത് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ വകയിരുത്തിയ പ്രോജക്ടിന് അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആംബുലൻസ് വാങ്ങി എഴുപുന്ന പ്രൈമറി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് നൽകുമെന്നും ഡ്രൈവറുടെ വേതനവും ആംബുലൻസിന്റെ മെയിന്റനൻസ് ചെലവുകളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കുമെന്നും പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡ്രൈവറുടെ ശമ്പളം, ആംബുലൻസിന്റെ ആവർത്തന ചെലവുകൾ ഇവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ ആംബുലൻസ് വാങ്ങി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് നൽകുന്നതിന് എഴുപുന്ന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, എഴുപുന്ന ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ